പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 4850 — 21/10/2011 ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ഡോ. എം.കെ. മുനീർ : (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സാമൂഹ്യക്ഷേമവകുപ്പിന്റെ ക്ഷേമപദ്ധതികളിൽ അപേക്ഷ സ്വീകരിക്കുന്ന സ്ഥാപനം അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്; | (എ) പെൻഷൻ അപേക്ഷകൾ സ്വീകരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ് . മറ്റ് ക്ഷേമപദ്ധതികളിൽ അപേക്ഷ സ്വീകരിക്കുന്നത് സാമൂഹ്യക്ഷേമ ഡയറക്ടർ, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവരാണ്. |
| (ബി)ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലാണോ; എങ്കിൽ ആയതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (ബി) ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ നിയമിക്കുന്നത് സർക്കാരാണ്. എന്നാൽ അവർ ഒരു സ്വതന്ത്ര ജുഡീഷ്യൽ ബോഡിയായി പ്രവർത്തിക്കുന്നു. 14 ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചെയർമാനും നാല് മെമ്പർമാരും അടങ്ങുന്നു. ഒരാൾ വനിതാ മെമ്പർ ആയിരിക്കും . കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു<br>1. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസകാര്യം പരിഗണിക്കുന്നു<br>2. പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട് കമ്മിറ്റി മുൻപാകെ ഹാജരാകാൻ സാധിക്കാതെ പോകുന്ന കുട്ടികളുടെ അടുക്കൽ പോയി |

| | |
|---|---|
| | നടപടികൾ സ്വീകരിക്കുക<br>3. കുട്ടികളുടെ സുരക്ഷിതത്വത്തിനും നന്മയ്ക്കുമായി വേണ്ടി വരുന്ന അന്വേഷണങ്ങൾ നടപ്പിലാക്കുക<br>4. അത്യാവശ്യമായ ഘട്ടങ്ങളിൽ താമസ സൗകര്യം ഉൾപ്പെടെ കുട്ടിയ്ക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള എല്ലാ നടപടികളും സ്വീകരിക്കുക<br>5. കുട്ടിയെ സ്വന്തം വീട്ടിലേയ്ക്കോ , നാട്ടിലേയ്ക്കോ മാതാപിതാക്കളോടൊപ്പമോ രക്ഷകർത്താക്കളോടൊപ്പമോ ഫിറ്റ് പേഴ്സണോ ഫിറ്റ് ഇൻസ്റ്റിറ്റ്യൂഷനോ വിട്ടുകൊടുക്കുക<br>6. കുട്ടിയ്ക്ക് സൗഹൃദാന്തരീക്ഷം ഒരുക്കിക്കൊടുക്കുക<br>7. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള ഫിറ്റ് ഇൻസ്റ്റിറ്റ്യൂഷനുകളെ അംഗീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിലേക്ക് ശുപാർശ ചെയ്യുക<br>8. ഫിറ്റ് പേഴ്സൺസിനെ അംഗീകരിച്ചുകൊണ്ട് ഉത്തരവ് ഇറക്കുക<br>9. നിയമപരമായി കുട്ടിയെ ദത്ത് കൊടുക്കുന്നതിന് വേണ്ട ഉത്തരവ് പ്രഖ്യാപിക്കുക<br>10. കമ്മിറ്റിയുടെ അധികാര പരിധിയിൽ വരുന്ന കാണാതാകുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുകയും ഫോളോ അപ് നടത്തുകയും ചെയ്യുക<br>11. സംരക്ഷണത്തിനായി കുട്ടികളെ നല്കിയിട്ടുള്ള സ്ഥാപനങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ സന്ദർശിച്ച് കുട്ടികളുടെ അവിടുത്തെ അവസ്ഥ വിലയിരുത്തുക<br>12. കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള കുട്ടികൾക്കായുള്ള സ്ഥാപനങ്ങളേയും ഏജൻസികളേയും മോണിട്ടർ ചെയ്ത് കുട്ടികൾ ചൂഷണത്തിന് വിധേയരാകുന്നു |

| | |
|---|---|
| | ണ്ടോയെന്ന് പരിശോധിക്കുക<br>13. സംസ്ഥാന സർക്കാർ, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ, ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് എന്നിവരുടെ സഹായത്തോടെ പോലീസ്, തൊഴിൽ എന്നീ വകുപ്പുകളേയും മറ്റ് ഏജൻസികളേയും കോ-ഓർഡിനേറ്റ് ചെയ്യുക |
| (സി) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു |

R. Vijayakumar

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്